# കുടുംബശ്രീ

കുടുംബശ്രീ
ഒന്നായ് മുന്നേറാം

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സർക്കാർ
വലിയകുളം ജംഗ്ഷൻ, ആലപ്പുഴ - 688001
ഫോൺ: 0477- 2254104,
ഈ മെയിൽ:spemalp3@gmail.com


**3515/IFC/2024/KSAPA** **25.09.2026**

## വിജ്ഞാപനം

**ഇന്റഗ്രേറ്റഡ് ഫാർമിംഗ് ക്ലസ്റ്ററുകൾ (ഐ.എഫ്.സി.) – ക്ലസ്റ്റർ ലെവൽ ഐ.എഫ്.സി. ആങ്കർ, സീനിയർ സി.ആർ.പി. ഒഴിവുകൾ.**

2026–2027 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലയിൽ 4 ഇന്റഗ്രേറ്റഡ് ഫാർമിംഗ് ക്ലസ്റ്ററുകൾ (ഐ.എഫ്.സി.) തൈക്കാട്ടുശ്ശേരി ബ്ലോക്ക് - അരൂകുറ്റി സി.ഡി.എസ്, അമ്പലപ്പുഴ ബ്ലോക്ക് - അമ്പലപ്പുഴ സൗത്ത് സി.ഡി.എസ്, ചമ്പക്കുളം ബ്ലോക്ക് - തകഴി സി.ഡി.എസ്, വെളിയനാട് ബ്ലോക്ക് - പുളിങ്കുന്ന് സി.ഡി.എസ് എന്നീ സി.ഡി.എസുകളിലായി 4 ക്ലസ്റ്ററുകൾ ആരംഭഘട്ടത്തിലാണ്. അതിലേക്കായി ക്ലസ്റ്റർ ലെവൽ ഐ.എഫ്.സി. ആങ്കർ, സീനിയർ സി.ആർ.പി. തസ്തികകളിലേക്ക് ഓരോ ക്ലസ്റ്ററിന് വേണ്ടിയും നിയമനം നടത്തേണ്ടതുണ്ട്. പ്രായം 40 ൽ അധികരിക്കാത്ത കുടുംബശ്രീ/ഓക്സിലറി അംഗങ്ങളായ സ്ത്രീകൾക്ക് അപേക്ഷിക്കാം. 3 വർഷമാണ് ഐ.എഫ്.സി. പദ്ധതിയുടെ കാലാവധി. ടി കാലയളവിൽ ഓരോ വർഷവും അപ്രൈസൽ നടത്തി മികച്ച പ്രവർത്തനം കാഴ്ച വെയ്ക്കുന്നവർക്ക് തുടർ നിയമനം നൽകുന്നതാണ്.

| ഒഴിവുകൾ സംബന്ധിച്ച് | | | |
|---|---|---|---|
| **സി.ഡി.എസ്** | **ഐ.എഫ്.സി ആങ്കർ** | **സീനിയർ സി. ആർ.പി** | **ആകെ ഒഴിവുകൾ** |
| അരൂകുറ്റി | 1 | 1 | 2 |
| അമ്പലപ്പുഴ സൗത്ത് | 1 | 1 | 2 |
| തകഴി | 1 | 1 | 2 |
| പുളിങ്കുന്ന് | 1 | 1 | 2 |
| ആകെ | | | 8 |

**യോഗ്യതാ വിവരങ്ങൾ**

1. **ഐ.എഫ്.സി. ആങ്കർ**

ഡിഗ്രി (സയൻസ്) /ഡിപ്ലോമ അഗ്രിക്കൾച്ചർ , അലൈഡ് സയൻസ് (കൃഷിയിലോ ഫാം ബേയ്സ്ഡ് ലൈവ്ലിഹുഡിലോ 1 വർഷത്തെ പ്രവൃത്തി പരിചയം, എക്സ്റ്റൻഷൻ ആന്റ് മാർക്കറ്റിംഗ് പ്രവർത്തി പരിചയം ഉള്ളവർക്ക്

ഡിഗ്രി യോഗ്യത/വി.എച്ച്.എസ്.സി അഗ്രിക്കൾച്ചർ ഉള്ളവരെ പരിഗണിക്കുന്നതാണ്. ഇത്തരത്തിലുള്ളവർക്ക് കാർഷിക മേഖലയിൽ 2 വർഷത്തെ പ്രവർത്തന പരിചയം ഉണ്ടായിരിക്കണം. വേതനം ഓണറേറിയം അടിസ്ഥാനത്തിൽ ആയിരിക്കും.

2. **സീനിയർ സി.ആർ.പി.**

കൃഷി സഖി/പശു സഖി/അഗ്രി സി.ആർ.പി. എന്ന നിലയിൽ 2 വർഷത്തെ പ്രവൃത്തി പരിചയം ഉള്ളവരായിരിക്കണം. സി.ആർ.പി. മാരുടെ പരിശീലനം പൂർത്തിയാക്കിയവർക്ക് മുൻഗണന ലഭിക്കുന്നതാണ്. വേതനം ഓണറേറിയം അടിസ്ഥാനത്തിൽ ആയിരിക്കും.

അപേക്ഷകർ അതാത് ഐ.എഫ്.സി ക്ലസ്റ്റർ ഉൾപ്പെടുന്ന ബ്ലോക്കിൽ താമസിക്കുന്നവരായിരിക്കണം. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ, വിദ്യാഭ്യാസ/ പ്രവൃത്തി പരിചയങ്ങൾ, കുടുംബശ്രീ /ഓക്സിലറി അംഗത്വം, ഐഡന്റിറ്റി എന്നിവ തെളിയിക്കുന്ന രേഖകളുടെ പകർപ്പുകൾ എന്നിവ സഹിതം കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ തപാൽ മുഖാന്തിരമോ നേരിട്ടോ 2026 ഒക്ടോബർ 10 നകം സമർപ്പിക്കേണ്ടതാണ്.

**അപേക്ഷ ലഭ്യമാക്കേണ്ട വിലാസം:**
ജില്ലാ മിഷൻ കോർഡിനേറ്റർ, കുടുംബശ്രീ,
വലിയകുളം, ആലിശ്ശേരി വാർഡ്, ആലപ്പുഴ -688001
ഫോൺ : 0477 2254104

വിശ്വസ്തതയോടെ,

ജില്ലാ മിഷൻ കോർഡിനേറ്റർ
കുടുംബശ്രീ, ആലപ്പുഴ

ജില്ലാ മിഷൻ ഓഫീസ് കുടുംബശ്രീ ആലപ്പുഴ -1 ത.സ്വ.വ കേരള സർക്കാർ